# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA-PKD.20/1842/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 12/01/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD.20/1842/21 തീയ്യതി: 12/01/2022

## പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-11-2020 മുതൽ 12-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 13-12-2021 | 28-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 28-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ
ശ്രീ.എം.ശിവപ്രസാദ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.വി.രാജൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.എ.കെ.ജിജീഷ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ഉണ്ണികൃഷ്ണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.തൻസീല.എ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| ശ്രീ.കെ.കെ.ചന്ദ്രദാസൻ | സെക്രട്ടറി | 24-04-2019 | 31-08-2019 |
| ശ്രീമതി.തൻസീല.എ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-09-2019 | 30-09-2019 |
| ശ്രീ.വി.വി.രാജീവ് | സെക്രട്ടറി | 01-10-2019 | 15-10-2019 |
| ശ്രീമതി.തൻസീല.എ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-10-2019 | 03-11-2019 |
| ശ്രീ.വി.വി.രാജീവ് | സെക്രട്ടറി | 04-11-2019 | 04-12-2019 |
| ശ്രീമതി.തൻസീല.എ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-12-2019 | 09-12-2019 |
| ശ്രീ.രാജു.പി | സെക്രട്ടറി | 10-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജമീല.പി.എം | അസി.എഞ്ചിനിയർ | 01-04-2019 | 23-07-2019 |
| ശ്രീ.കെ.സി.കൃഷ്ണനുണ്ണി | അസി.എഞ്ചിനിയർ | 24-07-2019 | 01-08-2019 |
| ശ്രീമതി.ആരതി.ആർ | അസി.എഞ്ചിനിയർ | 02-08-2019 | 16-09-2019 |
| ശ്രീ.രാജീവ്ഗോപാൽ.ജി | അസി.എഞ്ചിനിയർ | 17-09-2019 | 31-03-2020 |
| ശ്രീ.രാജേഷ്.ആർ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.തൻസീല.എ.എം | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.സാവിത്രി.കെ.വി | എച്ച്.എം | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷഹന ഹംസ.എൻ.എച്ച് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.സീഡു സത്യൻ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 08-08-2019 |

| | | | |
|---|---|---|---|
| ഡോ.പ്രമോദ് | വെറ്ററിനറി സർജ്ജൻ | 09-08-2019 | 31-03-2020 |
| ഡോ.ഖലീൽ മജീദ് | മെഡിക്കൽ ഓഫീസർ(PHC) | 01-04-2019 | 31-03-2020 |
| ഡോ.ധന്യ.എം | മെഡിക്കൽ ഓ ഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.അനിൽ.പി | മെഡിക്കൽ ഓഫീസർ(ISM) | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രഭ.എ.എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jijeesh (Senior Grade Auditor, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 10-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Jijeesh (Senior Grade Auditor, On 13-12-2021)<br>Last Updated By: Jijeesh (Senior Grade Auditor, On 13-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jijeesh (Senior Grade Auditor, On 13-12-2021)<br>Last Updated By: Jijeesh (Senior Grade Auditor, On 13-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 10-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 10-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.sivaprasad (Asst. Audit Officer, On 13-12-2021)<br>Last Updated By: M.sivaprasad (Asst. Audit Officer, On 13-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: M.sivaprasad (Asst. Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Jijeesh (Senior Grade Auditor, On 13-12-2021)<br>Last Updated By: Jijeesh (Senior Grade Auditor, On 14-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-12-2021) | 1-10 |
| 11 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-11 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-11-1 |
| 13 | റേഷൻ കടകളുടെ സ്ഥാപന തൊഴിൻ നികുതി, ജീവനക്കരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-11-2 |
| 14 | ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Jijeesh (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-11-3 |
| 15 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ -ചട്ടങ്ങൾ | 1-12 |

| | | |
|---|---|---|
| | പാലിക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | |
| 16 | ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Jijeesh (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-12-1 |
| 17 | ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കുന്നില്ല<br>Written By: Jijeesh (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-12-2 |
| 18 | പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കി വെള്ളക്കരം കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: M.sivaprasad (Asst. Audit Officer, On 28-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 06-01-2022) | 1-13 |
| 19 | പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്ക് -മെയിന്റനൻസ് ഗ്രാന്റ് അനുവദനീയമായതിലുമധികം ചെലവഴിച്ചു<br>Written By: M.sivaprasad (Asst. Audit Officer, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-14 |
| 20 | എം.ജി.എൻ.ആർ.ഇ.ജി.എസ്-സാധനങ്ങളുടെ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-15 |
| 21 | പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ - GeM മുഖേന വാങ്ങുന്നത് പരിഗണിച്ചില്ല<br>Written By: M.sivaprasad (Asst. Audit Officer, On 28-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 29-12-2021) | 1-16 |
| 22 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 23-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-17 |
| 23 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കണം<br>Written By: C.S.Santhosh (Audit Officer, On 23-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-18 |
| 24 | ആസ്തി സംരക്ഷണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 23-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-19 |
| 25 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല<br>Written By: C.S.Santhosh (Audit Officer, On 23-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-20 |
| 26 | കുഴൽ കിണർ നിർമ്മിച്ചതിനുശേഷം കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-21 |
| 27 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും PWD മാനുവൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: C.S.Santhosh (Audit Officer, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-22 |

| | | |
|---|---|---|
| 28 | വിവിധ വാർഡുകളിലെ ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-23 |
| 29 | ബഡ്സ് സ്കൂൾ നിർമ്മാണം - രേഖകളുടെ സൂക്ഷിപ്പിൽ കൃത്യതയില്ല<br>Written By: C.S.Santhosh (Audit Officer, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-24 |
| 30 | GST ടി.ഡി,എസ് – തുക കുറവു ചെയ്യുന്നതിൽ കൃത്യത പാലിക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 28-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 29-12-2021) | 1-25 |
| 31 | തനത് ഫണ്ടിലേക്ക് മാറ്റുന്ന ടാറിംഗ് പ്രവൃത്തികളുടെ കാലി ബാരലുകളുടെ വിലയുടെ ജി.എസ്.ടി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്<br>Written By: C.S.Santhosh (Audit Officer, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-26 |
| 32 | പ്രസാദം-സമഗ്ര വിദ്യാഭ്യാസ പരിപാടി- പദ്ധതി-സബ്സിഡി മാർഗ്ഗരേഖകൾക്ക് അനുസൃതമല്ല<br>Written By: K.V.Rajan (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-27 |
| 33 | പത്ര-വിദ്യാഭ്യാസ മാസികകളുടെ വരിസംഖ്യ അടവാക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-28 |
| 34 | തുല്യതാ പഠന പ്രൊജക്ട്-പഠിതാക്കൾ പരീക്ഷ എഴുതിയതായി തെളിയിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: K.V.Rajan (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-29 |
| 35 | അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് നടത്തിയില്ല<br>Written By: K.V.Rajan (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-30 |
| 36 | പകൽവീട് -ബൈലോ തയ്യാറാക്കി പ്രവർത്തനം ക്രമീകരിക്കേണ്ടതാണ്<br>Written By: K.V.Rajan (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-31 |
| 37 | കാട് വെട്ടി മെഷീൻ -കാർഷിക ഗ്രൂപ്പുകളുമായി കരാർ ചമച്ചില്ല<br>Written By: K.V.Rajan (Senior Grade Auditor, On 28-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലുകളിൽ നിന്നും ബാരലുകളുടെ വില കുറവു ചെയ്തില്ല<br>Written By: C.S.Santhosh (Audit Officer, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: C.S.Santhosh (Audit Officer, On 13-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 11-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 12-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികധനകാര്യപത്രിക സംക്ഷിപ്തം | |

# ഭാഗം -1

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

26-02-2019-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 (1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

16-3-2020 ലെ തീരുമാനം നം. 3/1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 8063951 |
| തൻവർഷം വരവ് | 201969600 |
| ആകെ വരവ് | 210033551 |
| ചെലവ് | 202387000 |
| നീക്കിയിരിപ്പ് | 7646551 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-7-2020 | 10-06-2020 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 38266718 |
| വരവ് | 77044742 |
| ആകെ | 115311460 |
| ചെലവ് | 72092817 |
| നീക്കിയിരിപ്പ് | 43218643 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | തുക |
| വികസനഫണ്ട് -ജനറൽ (*) | 0 | 12303057 | 12303057 | 9971954 | 2331103 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 12328647 | 12328647 | 7519634 | 4809013 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 5682000 | 5682000 | 3257418 | 2424582 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4032000 | 4032000 | 2893373 | 1138627 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് | 0 | 10471581 | 10471581 | 4997158 | 5474423 |

(*) വികസന ഫണ്ട് ജനറലിൽ നിന്നും 1705882 രൂപയും എസ്.സി.പി യിൽ നിന്നും 132353 രൂപയും ലൈഫ് മിഷൻ വായ്പ്പാ മുതൽ തിരിച്ചടവിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ആയത് മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 32016 | 1312819 | 1344835 | 800000 | 544835 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14999 | 3016857 | 3031856 | 3031466 | 390 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളി കളുടെ വേതനം | 0 | 15597362 | 15597362 | 15597362 | 0 |
| ആകെ | 14999 | 18614219 | 18629218 | 18628828 | 0 |

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-1 | 1189341 | 1665000 | 2854341 | 422000 | 2432341 |

*1665000* രൂപയുടെ വരവ് റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

സസ്ഥാനാവിഷ്കൃ ാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 1250000 | 153257 | 1096743 | 0 | 1096743 |
| ലൈഫ് മിഷൻ | 0 | 7600000 | 7600000 | 7600000 | 0 |

വരവ്വ തുക 7600000 രൂപ RP32 വിൽ Secured Loan എന്ന ഹെഡിലാണ് വരവ്വ പിടിച്ചിട്ടുള്ളത്. ഈ തുക RP31 ൽ Grants, Funds And Contributions For Specific Purpose എന്ന് ഹെഡിലാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. 7600000 രൂപയിൽ തിരിച്ചടവ്വ തുകയായ 100000 രൂപ കൂടി ഉൾപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 256 | 125072380 | 136 | 57338973 | | 120 | 53 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 53% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കവാൻ ലക്ഷ്യമിട്ട തുകയുടെ 46% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 4 | 4975946 | 1637381 | 33 |
| വെറ്ററിനറി സർജ്ജൻ | 7 | 5 | 1340000 | 347400 | 26 |
| മെഡിക്കൽ ഓഫീസർ-PHC | 9 | 7 | 1370000 | 900573 | 66 |
| മെഡിക്കൽ | 3 | 2 | 500000 | 319900 | 64 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ-ആയുർവേദം | | | | | |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 4 | 2 | 820000 | 369900 | 45 |
| വി.ഇ.ഒ-1 | 16 | 10 | 44472647 | 26430654 | 59 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 6 | 5037150 | 4003000 | 79 |
| സെക്രട്ടറി | 41 | 18 | 16748592 | 4870046 | 29 |
| അസി.സെക്രട്ടറി | 10 | 7 | 6519879 | 2404693 | 37 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 140 | 68 | 41790166 | 14794145 | 35 |
| എച്ച്.എം | 11 | 7 | 1498000 | 1261281 | 84 |
| ആകെ | 256 | 136 | 125072380 | 57338973 | 46 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14999 | 3016857 | 3031856 | 3031466 | 390 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 15597362 | 15597362 | 15597362 | 0 |
| ആകെ | 14999 | 18614219 | 18629218 | 18628828 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | - | - |
| 2 | കർഷക തൊഴിലാളി പെൻഷൻ | 1344600 | 240 |
| 3 | വിധവാ പെൻഷൻ | 8304600 | 1466 |
| 4 | വാർദ്ധക്യകാല പെൻഷൻ | 15700500 | 2797 |
| 5 | വികലാംഗ പെൻഷൻ | 2274000 | 396 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള | 794400 | 161 |

| | | | |
|---|---|---|---|
| | പെൻഷൻ | | |

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-12-2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 13,803/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

തൊഴിൽ നികുതി, ലൈസൻസ് മുതലായവയുടെ രേഖകളുടെ സൂക്ഷിപ്പ് ചട്ടങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കുവാൻ ഉന്നത ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
Government E-Marketplace (GeM) മുഖേന സാധനങ്ങൾ വാങ്ങുന്നതിനായി നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ GeM രജിസ്ട്രേഷൻ എടുത്തിട്ടില്ല. GeM പോർട്ടലിൽ ലഭ്യമായ സാധനങ്ങൾ പല നിർവ്വഹണ ഉദ്യോഗസ്ഥരും വാങ്ങുന്നത് മറ്റു രീതികൾ അവലംബിച്ചാണ്. ആയത് ഒഴിവാക്കേണ്ടതാണ്.
നികുതി കുടിശ്ശിക ഈടാക്കുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ ഭരണസമിതിയുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

20-6-2009 മുതൽ 1-07-2009 വരെയുള്ള തിയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2004-05 മുതൽ 2008-09 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

പെർഫോമൻസ് ഓഡിറ്റ് 11/21 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

2019-20 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ച് വരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

1-11-1 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം) | അർദ്ധ വർഷം | കെട്ടിട നം. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | റൂസിയ ഗോൾഡ് & ഡയമണ്ട്സ് | 4 | 1 & 2 | - |
| 2 | നീതി സൂപ്പർ മാർക്കറ്റ് | 5 | 1 & 2 | |
| 3 | ബെൽജിനോ ഗ്രേഡ് ലിങ്ക്സ് | 3 | 1 & 2 | 1/535.എ |
| 4 | ന്യൂ അൽഫ സ്റ്റീൽ | 5 | 1 & 2 | 5/562.ഡി |
| 5 | കെ.വി സ്റ്റീൽസ് | 4 | 1 & 2 | 5/503 |
| 6 | എഴുമങ്ങാട് വനിതാ ക്ഷീരോൽപ്പാദക സംഘം | 3 | 1 & 2 | 4/437 |
| 7 | വി മെഡ് ഹെൽത്ത് കെയർ ലാബ് & ഇ സി ജി | 5 | 1&2 | 16/354.എ, ബി |
| 8 | ആർ ആർ എന്റർപ്രൈസസ് | 4 | 1&2 | 11/306 |
| 9 | ആലിങ്കൽ ഫ്യൂവൽസ് & ഓയിൽസ് | 7 | 1&2 | 1/57 |
| 10 | ചാത്തന്നൂർ ക്ഷീരോത്പ്പാദക സഹകരണ സംഘം | 3 | 1 & 2 | 15/82 |
| 11 | മരുന്നങ്ങോട്ട് പെട്രോളിയം, കറുകപുത്തൂർ | 5 | 1 & 2 | 13/538 എ |
| 12 | വാര്യർ സ്പൈസസ് | 7 | 1 & 2 | 17/254 |
| 13 | സാഹിബ് പെട്രോളിയം | 4 | 1 & 2 | 14/431.എ |
| 14 | ന്യൂ കൊട്ടാരം റീജൻസി | 10 | 1 & 2 | 4/408ബി |
| 15 | DRC എക്സ്പ്രസ് കൊറിയർ സർവ്വീസ് | 5 | 1 & 2 | 2/323 സി, ഇ, ജി, ഐ |
| 16 | ഏബിൾ സ്കൂബെക്സ് LLP ഗ്ലോബൽ സുസുക്കി | 4 | 1 & 2 | 5/562/എ |
| 17 | ചാഴിയാട്ടിരി ക്ഷീര സംഘം | 2 | 1 & 2 | 11/289എ |
| 18 | സുധർമ്മ സ്പെഷ്യാലിറ്റി ലബോറട്ടറി | 4 | 1 & 2 | 5/501 |
| 19 | ദയ മെഡിക്കൽ സെന്റർ | 3 | 1 & 2 | 16/368 എ ബി സി |
| 20 | സ്റ്റാർമെഡ് ഫാമിലി ക്ലിനിക്ക്, ഡെന്റൽ കെയർ | 5 | 1 & 2 | 15/528 കെ |
| 21 | ഐ ജി സ്കൂൾ, ചാത്തന്നൂർ | - | 1 | - |
| 22 | രാജീവ് ഗാന്ധി എംപ്ലോയീസ് കൊ-ഓപ്പറേറ്റീവ് സൊസൈറ്റി | - | 1 & 2 | - |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11-2 റേഷൻ കടകളുടെ സ്ഥാപന തൊഴിൻ നികുതി, ജീവനക്കരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 10 റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിനായി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ആരും തന്നെ അടവാക്കിയിട്ടില്ല. റേഷൻ കട ലൈസൻസികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. എം.ഷീല, കാഞ്ഞിപ്പറമ്പിൽ
2. വിജയ ലക്ഷ്മി, ചരലിൽ, പുതുശ്ശേരി
3. കെ.സേതു മാധവൻ, പൊറ്റക്കോട്, ചാത്തന്നൂർ
4. ജനാർദ്ദനൻ, കൈപ്പട, ചാഴിയാട്ടിരി
5. കെ.യു.ഖദീജ, ഓങ്ങല്ലൂർ
6. ടി.കെ.മുഹമ്മദ് കുട്ടി, പുന്നാത്ത് വീട്
7. എം.ഷീല, പെരിങ്കന്നൂർ
8. എം.രാമചന്ദ്രൻ, ചാഴിയാട്ടിരി
9. കെ.പി.രാജൻ, കിഴക്കേപറമ്പിൽ, പെരിങ്ങോട്
10. വി.മുഹമ്മദ്, ചെരിപ്പൂർ

റേഷൻകടകളുടെ സ്ഥാപന നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-3 ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല

| ക്രമ നം. | സ്ഥാപനം | ജീവനക്കാരന്റെ പേര് | വർഷം, അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം (ഒന്നാം) | ഈടാക്കിയത് |
|---|---|---|---|---|---|
| 1 | ഐജി സ്കൂൾ, ചാത്തന്നൂർ | സമീറ അബ്ദുൾ റഹ്മാൻ (അദ്ധ്യാപിക) | 2019-20 (2) | 106440 | 750 |
| 2 | ഐജി സ്കൂൾ, ചാത്തന്നൂർ | ഷാഹിദ.പി (അദ്ധ്യാപിക) | 2019-20 (2) | 106440 | 750 |
| 3 | ഐജി സ്കൂൾ, | സുധ.ടി.പി (അദ്ധ്യാപിക) | 2019-20 (2) | 106440 | 750 |

| | | | | | |
|---|---|---|---|---|---|
| | ചാത്തന്നൂർ | | | | |
| 4 | ഐജി സ്കൂൾ, ചാത്തന്നൂർ | ദീപക.ആർ.നായർ (ഓഫീസ് സ്റ്റാഫ്) | 2019-20 (2) | 106440 | 750 |

മേൽ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരം ഈടാക്കാവുന്ന പരമാവധി തൊഴിൽ നികുതി 1000 രൂപയാണ്. മറ്റു ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി സ്ലാബിന്റെ പരമാവധിയാണ് ഈടാക്കിയിട്ടുള്ളത്. ആയതിനാൽ മേൽ ജീവനക്കാരിൽ നിന്നും ബാക്കി തുക ഈടാക്കി അറിയിക്കേണ്ടതാണ്.

മേൽ വിഷയത്തിന്മേൽ വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 7/20-12-21) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുണ്ടെങ്കിൽ ടി സ്ഥാപനങ്ങളെ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

2. റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതും തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കേണ്ടതുമാണ്.

3. തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകളുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ -ചട്ടങ്ങൾ പാലിക്കേണ്ടതാണ്

2019-20 വർഷത്തെ ഫാക്ടറികൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | FATEOS ലൈസൻസ് രജിസ്റ്ററിലെ ക്രമനം. | വാർഡ് നം. | അപേക്ഷകൻ | ഫാം |
|---|---|---|---|---|
| 1 | 107 | 17/7A | അബ്ദുൾ റഹ്മാൻ | ആട് |
| 2 | 189 | 11/97B | രാജേഷ്.പി.എം | സംയോജിത ഫാം |

2012-ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായിട്ടാണ് കന്നുകാലി ഫാം, ആട് ഫാം, പന്നി ഫാം, മുയൽ ഫാം, പൗൾട്രി ഫാം എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടത്. അപ്രകാരമുള്ള ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ചട്ടങ്ങൾ പ്രകാരമുള്ള രേഖകളുടെ സൂക്ഷിപ്പിൽ കൃത്യതയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

### 1-12-1 ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2012-ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ലൈവ്സ്റ്റോക്ക് ഫാം

രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-12-2 ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കുന്നില്ല

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമപഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറു മാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തുന്നില്ല. മേൽ വിഷയങ്ങളിൽ തുടർ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം-12, 24-12-21)

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.ലൈവ് സ്റ്റോക്ക് ലൈസൻസ് വിവരങ്ങൾ ചേർക്കുന്നതിനായി ഫാം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

2.ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

1-13 പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാക്കി വെള്ളക്കരം കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 245 പൊതു കുടിവെള്ള ടാപ്പുകൾക്ക് ടാപ്പ് ഒന്നിന് പ്രതിവർഷം 5250 രൂപ നിരക്കിൽ 1286250 രൂപ പ്രതിവർഷ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. തുക ഒടുക്കുന്നത് കൃത്യമായ സ്ഥിതി വിവര കണക്കുകളെ അടിസ്ഥാനമാക്കിയാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതു ടാപ്പുകളിലൂടെയുള്ള ജല വിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിനു മാത്രമാണ് പണം നൽകുന്നതെന്നും ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. നിർദ്ദേശങ്ങൾ പാലിച്ചതായോ ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കുക എന്ന സമീപനം സ്വീകരിച്ചതായോ കാണുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പരമാവധി കുടുംബങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

2. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രോജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത

പരിശോധിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

4. പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഉപയോഗ രഹിതമായവയ്ക്ക് ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 2/15.2.21 ന് മറുപടി ലഭിച്ചില്ല.

## 1-14 പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്ക് -മെയിന്റനൻസ് ഗ്രാന്റ് അനുവദനീയമായതിലുമധികം ചെലവഴിച്ചു

കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള 245 പൊതുടാപ്പുകളുടെ വെള്ളക്കരം ഗ്രാമപഞ്ചായത്താണ് ഒടുക്കുന്നത്. 2019-20 ൽ ടാപ്പ് ഒന്നിന് പ്രതിവർഷം 5250 രൂപ നിരക്കിൽ 1286250 രൂപ (245*5250= 1286250) മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് ഒടുക്കിയിട്ടുണ്ട്.

പ്രൊ.നം.1/20

നിർവ്വഹണഉദ്യോഗസ്ഥൻ-സെക്രട്ടറി

തുക പിൻവലിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ തീയതി | തുക |
|---|---|---|
| 1 | 04/25.07.19 | 428752 |
| 2 | 08/4.9.19 | 107188 |
| 3 | 10/ 27.9.19 | 107188 |
| 4 | 13/7.11.19 | 107188 |
| 5 | 17/19 തീ 21.1.20 | 107188 |
| 6 | 18/17.1.20 | 107188 |
| 7 | 21/31.1.20 | 107188 |
| 8 | 24/19 തീ 24.2.20 | 107188 |
| 9 | 27/19.3.20 | 107188 |
| | ആകെ | 1286256 |

പൊതു ആവശ്യ ഗ്രാന്റും മെയിന്റനൻസും വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം. 330/2004/ത.സ്വ.ഭ.വ തീയ്യതി 9.12.2004 പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റിനു പുറമേ, ആവശ്യമെങ്കിൽ ആകെ മെയിന്റനൻസ് ഗ്രാന്റിന്റെ 10% തുക കേരള ജല അതോറിറ്റിക്കു നൽകേണ്ട വെള്ളക്കരം, ആശുപത്രികൾക്കാവശ്യമായ മരുന്നുകൾ വാങ്ങൽ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഇന്ധന ചെലവ്, സ്റ്റേഷനറി, പോസ്റ്റേജ് ചെലവുകൾ മുതലായ ആവശ്യങ്ങൾക്കായി ചെലവഴിക്കാവുന്നതാണ്.

2019-20 ൽ മെയിന്റനൻസ് ഗ്രാന്റ് ഇനത്തിലുള്ള അലോട്ട്മെന്റ് 9714000 രൂപയാണ് (റോഡ്-

5682000+നോൺ റോഡ്-4032000). ആയതിന്റെ 10% ആയ 971400 രൂപ മാത്രമാണ് മെയിന്റനൻസ് ഇനത്തിൽ മേൽപറഞ്ഞ ആവശ്യങ്ങൾക്കായി ചെലവഴിക്കാവുന്നത്. എന്നാൽ വെള്ളക്കരം ഇനത്തിൽ മാത്രം 1286526 രൂപ ചെലവഴിച്ചിട്ടുണ്ട്.
ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/15.2.21) ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്.
മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കുന്നതിൽ മാർഗ്ഗരേഖ പാലിക്കേണ്ടതും ആയത് വക മാറ്റി ചെലവഴിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതുമാണ്.

1-15 എം.ജി.എൻ.ആർ.ഇ.ജി.എസ്-സാധനങ്ങളുടെ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2019-20 വർഷത്തിൽ പൂർത്തീകരിച്ച മെറ്റീരിയൽ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ വിതരണക്കാരന് തുക അനുവദിച്ചപ്പോൾ ടി.ഡി.എസ് ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) എന്നിവ പ്രകാരം കരാർ തുക 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. അതു പ്രകാരം CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്.
ഫയലുകൾ പരിശോധിച്ചതിൽ കരാറുകാർക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത വകയിൽ തുക അനുവദിച്ചു നൽകിയപ്പോൾ 2,50,000 രൂപയ്ക്ക് മുകളിൽ കരാർ തുകയുള്ള സാധനങ്ങളുടെ വിതരണത്തിന് സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി കുറവു ചെയ്തിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2019-20 വർഷത്തിൽ മെറ്റീരിയൽ പ്രവൃത്തികൾ ഉൾപ്പെടുന്ന 27 പ്രവൃത്തികളാണ് ഉണ്ടായിരുന്നത്. ഈ പ്രവൃത്തികൾക്ക് ആവശ്യമായ കരിങ്കല്ല്, പാറ മണൽ, സിമന്റ് എന്നിവ വിതരണം ചെയ്യുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ.പി.മമ്മിക്കുട്ടി എന്ന വിതരണക്കാരന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.
ടെണ്ടർ നോട്ടീസ് നം. ET-1/NREGS/TMCD/19-20 Dated 28-12-18.
ആകെ കരാർ തുക 3317355 രൂപയാണ്.

ടി.ഡി.എസ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്നത് 66347 രൂപയാണ്. മേൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണത്തിന് (നം. 11/23-12-2021) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

1. കരാറുകാരുടെ ബില്ലുകളിൽ നിന്നും ടി.ഡി.എസ് നടത്താതിരുന്നതിനാൽ കരാറുകാർ 2019-20 വർഷത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം കൈപ്പറ്റിയ തുകയുടെ മുഴുവൻ ജി.എസ്.ടി യും സർക്കാരിലേക്ക് ഒടുക്കിയതായി തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കി സർക്കാരിന് ജി.എസ്.ടി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
2. ഭാവിയിൽ കരാർ തുക 250000 അധികരിക്കുന്ന സാഹചര്യങ്ങളിൽ ബിൽ തുകയിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
സർക്കാരുകൾക്ക് നഷ്ടം ഉണ്ടായിട്ടില്ലെന്ന് ഉറപ്പാക്കുവാൻ പഞ്ചായത്ത് തലത്തിൽ കൂടുതൽ അന്വേഷണം

നടത്തേണ്ടതാണ്.

3) സ.ഉ(കൈ)നം.93/2012/ത.സ്വ.ഭ.വ തീയതി. 31.03.2012 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളിൽ സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച മാർഗരേഖയിൽ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം, വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികളുടെ കൂലി എന്നിവ സുതാര്യവും അഴിമതി രഹിതവുമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. വാങ്ങലുകൾ നടത്തിയപ്പോൾ പ്രൊക്യർമെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിലാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമായില്ല. എല്ലാ വാങ്ങലുകളും പ്രൊക്യൂർമെന്റ് കമ്മിറ്റി മുഖേന നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ - GeM മുഖേന വാങ്ങുന്നത് പരിഗണിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ -288000 (പദ്ധതി വിഹിതം -എസ്.സി.പി -216000, ഉ.വി -72000)

ചെലവ് -259600(പദ്ധതി വിഹിതം -എസ്.സി.പി -194610, ഉ.വി -64990)

എസ്.സി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ എന്ന പ്രൊജക്ട് പ്രകാരം (നം.34/20) 259600 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടിന് ടെണ്ടർ വിളിക്കുകയും കുറവ് തുക ക്വാട്ട് ചെയ്ത Victoria Polyform, Kaippully P.O., Arimpur,Thrissur എന്ന സ്ഥാപനത്തിന് 88 വാട്ടർ ടാങ്കുകൾ (ISI Plastic Water Tank Black 500L) സപ്ലൈ ചെയ്തതിന് 220000 രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

1. ഇൻവോയ്സ് നമ്പർ -VPF/4228/19-20/ Dt 23.12.19- 106200

ബിൽ നമ്പർ-6/19-20 Dt 20.01.20

2. ഇൻവോയ്സ് നമ്പർ -VPF/5527/19-20/ Dt 04.03.20- 47200

ബിൽ നമ്പർ-17/19-20 Dt 9.03.20

3. ഇൻവോയ്സ് നമ്പർ -VPF/5525/19-20/ Dt 04.03.20- 47200

ബിൽ നമ്പർ-18/19-20 Dt 9.03.20

4. ഇൻവോയ്സ് നമ്പർ -VPF/5526/19-20/ Dt 04.03.20- 47200

ബിൽ നമ്പർ-19/19-20 Dt 9.03.20

5. ഇൻവോയ്സ് നമ്പർ -VPF/5528/19-20/ Dt 04.03.20- 11800

ബിൽ നമ്പർ-20/19-20 Dt 9.03.20

പ്രൊജക്ട് രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) ടെണ്ടർ നടപടി ക്രമങ്ങളാണ് വാങ്ങൽ നടപടിയിൽ സ്വീകരിച്ചിരിക്കുന്നത്. 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ അദ്ധ്യായം 19 (സ.ഉ(പി)നം.2/2018/SPD/28.04.18 പ്രകാരം കൂട്ടിചേർത്തത്) പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള, കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ഒഴികെയുള്ളവയുടെ സാധനങ്ങൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ സമാഹരണ പദ്ധതിയായ GeM (ഗവൺമെന്റ് ഇ- മാർക്കറ്റ് പ്ലേസ്) ൽ ലഭ്യമാണെങ്കിൽ ജെം മുഖേന മാത്രം വാങ്ങേണ്ടതാണ് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നാളിതുവരെ GeM രജിസ്ട്രേഷൻ എടുത്തിട്ടില്ല. അടിയന്തിരമായി GeM രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

2) നിലവിൽ ടാങ്ക് ഉള്ളവർക്കും ഒരിക്കൽ നൽകിയവർക്കും ആയത് നൽകാൻ പാടില്ല. ആയതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ടോ ഡാറ്റയോ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിന് (9/23.12.21) മറുപടിയൊന്നും നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. GeM മുഖേന വാങ്ങൽ നടത്തുന്നതിനായി GeM രജിസ്ട്രേഷൻ അടിയന്തിരമായി എടുക്കേണ്ടതും GeM ൽ ലഭ്യമായ സാധനങ്ങൾ GeM മുഖേന നടത്തേണ്ടതുമാണ്.

2. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർ പർച്ചേസ് മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 140 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 68 പ്രവൃത്തികൾക്കുള്ള തുകയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 4.18 കോടി രൂപയിൽ 1.48 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 35% മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്കായുള്ള തൻവർഷത്തെ ചെലവ്.

72 പ്രോജക്റ്റുകൾ സ്പിൽ ഓവറായി അടുത്ത വർഷത്തെ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. പല കരാറുകാരും സമയപരിധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാതിരിക്കുന്നത് ഫണ്ട് വിനിയോഗത്തെ ബാധിക്കുന്നുണ്ട്. PWD മാന്വൽ പ്രകാരം പരമാവധി 50% വരെയുള്ള കാലയളവാണ് പൂർത്തീകരണത്തിനായി ദീർഘിപ്പിച്ചു നൽകാവുന്നത്. കോവിഡ് പ്രതിസന്ധിക്കു മുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തികൾ പോലും തൻവർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ എണ്ണക്കൂടുതൽ തൻവർഷത്തെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ട്രഷറിയിൽ സമർപ്പിച്ച 54.55 ലക്ഷം രൂപ മൂല്യമുള്ള 32 ബില്ലുകൾ 'ക്യൂ' വിൽ ആവുകയും തൻവർഷത്തെ അലോട്ട്മെന്റിൽ നിന്നും തുക മാറുവാൻ സാധിക്കാതെ വരികയും ബില്ലുകളെല്ലാം സ്പിൽ ഓവറാക്കേണ്ട സാഹചര്യമുണ്ടാവുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്.

5. മരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നുണ്ടെന്നും എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി മോണിറ്ററിംഗ് കാര്യക്ഷമമാകേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 6/17-12-2021 പ്രകാരം മേൽ വിഷയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

1-18 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കണം

അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| റോഡ് കോൺക്രീറ്റിംഗ് | 29 |
| റോഡ് ടാറിംഗ് | 7 |
| റോഡ് നവീകരണം, അരിക് സംരക്ഷണം | 5 |
| ഡ്രൈനേജ്, കൾവർട്ട് | 2 |
| കെട്ടിട നിർമ്മാണം | 4 |
| കെട്ടിട നവീകരണം, ചുറ്റുമതിൽ | 5 |
| കോളനി വികസനം | |
| കുടിവെള്ളം, പൈപ്പ്ലൈൻ, ജലസേചനം | 16 |
| വൈദ്യുതീകരണം | |
| ആകെ | 68 |

തൻവർഷം പൂർത്തീകരിച്ച പ്രവൃത്തികളിൽ 60 ശതമാനവും റോഡ് പ്രവൃത്തികളാണ്. 23% തുക കുടിവെള്ള പദ്ധതികൾക്കായും ചെലവഴിച്ചിട്ടുണ്ട്.

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

2. സചിത്ര സോഫ്റ്റ്വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല.

3. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

4. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നുണ്ടെങ്കിലും കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.

5. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല.

6. പല ഫയലുകളിലും സെലക്ഷൻ നോട്ടീസ്, എസ്റ്റിമേറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

7. പല അളവു പുസ്തകങ്ങളിലും മെമ്മോ ഓഫ് പേയ്മെന്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 6(2)/17-12-2021 പ്രകാരം മേൽ വിഷയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-19 ആസ്തി സംരക്ഷണം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയിന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷം ആസ്തി സംരക്ഷണം ഫലപ്രദമായിരുന്നോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലിയരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിക്കുന്നതിൽ സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ആസ്തി രജിസ്റ്ററിൽ 2019-20 വരെയുള്ള ഡാറ്റ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നില്ല.

3. റോഡ് മെയിന്റനൻസ് ഫണ്ടിനത്തിൽ 64.67 ലക്ഷം രൂപ വകയിരുത്തി 29 പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 15 പ്രോജക്റ്റുകൾക്കായി 32.57 ലക്ഷം രൂപ (വകയിരുത്തിയ തുകയുടെ 50%) മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

4. റോഡിതര മെയിന്റനൻസ് ഫണ്ടിനത്തിൽ 47.32 ലക്ഷം രൂപ വകയിരുത്തി 21 പ്രോജക്റ്റുകളാണ് ആവിഷ്കരിച്ചിട്ടുണ്ട്. 28.93 ലക്ഷം രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനായുള്ള യഥാർത്ഥ ചെലവ് 6.96 ലക്ഷം രൂപ മാത്രമാണ്.

14 പ്രോജക്റ്റുകൾ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ, ജല അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ, സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ ഉപകരണങ്ങൾ വാങ്ങൽ മുതലായ ആവശ്യങ്ങൾക്കാണ് ആവിഷ്കരിച്ചിട്ടുള്ളത്. ആകെ ചെലവഴിച്ച തുകയിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനായി ചെലവഴിച്ചത് കേവലം 24% തുക മാത്രമാണ്.

സ.ഉ(എം.എസ്)നം.330/2004/തസ്വഭവ തിയതി 9-12-2004 പ്രകാരം പുറപ്പെടുവിച്ച മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം, ആവശ്യമെങ്കിൽ, ആകെ മെയിന്റനൻസ് ഗ്രാന്റിന്റെ

10% തുക മരുന്നുകൾ വാങ്ങൽ ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്ക് ചെലവഴിക്കാവുന്നതാണ്. തൻവർഷത്തെ മെയിന്റനൻസ് ഗ്രാന്റ് വിഹിതം താഴെ ചേർക്കുന്നു.

മെയിന്റനൻസ് ഗ്രാന്റ് - റോഡ് -5682000രൂപ

മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം - 4032000 രൂപ

ആകെ - 9714000 രൂപ

ആകെ 971400 രൂപയാണ് ജനറൽ പർപ്പസ് ഫണ്ട് എന്നതുപോലെ ചെലവഴിക്കാമായിരുന്നത്. എന്നാൽ തൻവർഷം മറ്റ് ആവശ്യങ്ങൾക്കായി 2197000 രൂപയാണ്. 21.87 ലക്ഷം രൂപ അധികമായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിക്കാനിടയാക്കിയത് പദ്ധതി ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും വീഴ്ചയായി വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കൈമാറിക്കിട്ടിയ ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ച് മുൻഗണന നിശ്ചയിച്ച് പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.
2. മെയിന്റനൻസ് ഫണ്ട് വക മാറ്റുന്നത് ഒഴിവാക്കേണ്ടതാണ്.
3. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും 21.87 ലക്ഷം രൂപ അധികമായി മറ്റ് ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് മറ്റ് ആവശ്യങ്ങൾക്കായി വകയിരുത്തുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള പരിധി പാലിക്കേണ്ടതാണ്.
4. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
6. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 6(3)/17-12-2021 പ്രകാരം മേൽ വിഷയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-20 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട തുകകൾ കൃത്യമായി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി ടാറിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ പഞ്ചായത്തിന് നഷ്ടമുണ്ടാകുന്ന വിധത്തിൽ തുക ഈടാക്കുവാൻ വിട്ടുപോയതായി കണ്ടെത്തി.

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ 3 പ്രവൃത്തികളുടെ കരാറുകാരുടെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. പിന്നീട് തുക ഈടാക്കിയതിനും രേഖകളില്ല.

ആകെ - 5500 രൂപ വികസന ഫണ്ടിനും ജി.എസ്.ടി ഇനത്തിൽ 990 രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും നഷ്ടമുണ്ടായിട്ടുണ്ട്.

വിശദാംശങ്ങൾ ഖ. 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഓഡിറ്റ് അന്വേഷണം നം. 5(1)/17-12-2021)

1-21 കുഴൽ കിണർ നിർമ്മിച്ചതിനുശേഷം കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കിയില്ല

2019-20 വർഷത്തിൽ വിവിധ കുടിവെള്ള പദ്ധതികൾക്കായി കുഴൽകിണർ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുകയും കുഴൽ കിണറുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ കുഴിൽ കിണറുകൾ നിർമ്മിക്കുകയും വെള്ളം കണ്ടെത്തിയാൽ തുടർ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്ന നയമാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്. കുഴൽ കിണർ നിർമ്മാണം മാത്രം പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതി | അടങ്കൽ | ബിൽ നം., ചെലവ് |
|---|---|---|---|
| 1 | 131/19-മുപ്പള്ളി പാലാച്ചി റോഡ് പരിസരം കുടിവെള്ള പദ്ധതി | 75000 | 5/26-6-19<br>60616 |
| 2 | 103/19-മൂരിപ്പാറ സ്കൂളിനുസമീപം കുടിവെള്ള പദ്ധതി | 75000 | 6/26-6-19<br>42267 |
| 3 | 104/19-ഇട്ടോണം കുടിവെള്ള പദ്ധതി | 75000 | 7/29-6-19<br>57751 |
| 4 | 96/19-പുളിയത്ത് കിഴക്കുട്ട് കുടിവെള്ള പദ്ധതി | 75000 | 25/23-10-19<br>57586 |
| 5 | 95/19-തൃക്കരങ്ങാട്ട് എസ്.സി കുടിവെള്ള പദ്ധതി | 75000 | 45/31-1-20<br>62282 |
| 6 | 105/19-വാരക്കുളം എസ്.സി കുടിവെള്ള പദ്ധതി | 75000 | 47/31-1-20<br>47986 |
| 7 | 135/19-മനപ്പടി എസ്.സി കുടിവെള്ള പദ്ധതി | 75000 | 48/31-1-20<br>57198 |

മേൽ സൂചിപ്പിച്ച കുടിവെള്ള പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരവും നിലവിലെ സ്ഥിതിയും അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് അന്വേഷണം നം. 5(2)/17-12-2021)

കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ)

ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. അത്തരത്തിലുള്ള അപേക്ഷയും നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയും പി.എ.സി യുടെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട പിഴ ഈടാക്കാതെയും താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

| പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|
| 66/18- കുന്നംകോട് റോഡ് ടാറിംഗ്<br>അടങ്കൽ - 170000 (MG-Road)<br>PAC- 169595<br>കരാറുകാരൻ - ശ്രീ.ഇബ്രാഹിം<br>എഗ്രിമെന്റ് നം.:4/13-10-2017<br>അളവു പുസ്തകം - 74/18-19<br>ചെലവ് - 153591<br>ബിൽ നം.28/25-10-19<br>പൂർത്തീകരണ കാലാവധി - 6 മാസം | 12-4-2018 | 8-2-2019 | 0 | 5087<br>(3%) | 5087 |

ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയും ഫൈൻ ഈടാക്കാതെയും മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012-ലെ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 5(3)/17-12-2021 ന് മറുപടി ലഭ്യമാക്കിയില്ല.

തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 വിവിധ വാർഡുകളിലെ ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി താഴെ പറയും പ്രകാരം തുക വകയിരുത്തുകയും 11 ച.മീ വീതം വിസ്തീർണ്ണമുള്ള 5 കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

അടങ്കൽ - 875000 രൂപ (വികസന ഫണ്ട് - 37000 രൂപ + CFC – 674000 രൂപ + തനതു ഫണ്ട് - 164000

രൂപ)

രായമംഗലം അങ്കണവാടി, വടക്കേകുളം അങ്കണവാടി, വെറ്ററിനറി ഡിസ്പെൻസറി, പി.എച്ച്.സി, സബ്സെന്റർ എന്നിവിടങ്ങളിലാണ് ഗ്രാമകേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കരാറുകാരൻ - ശ്രീ.രമേഷ് കുമാർ.ടി
എഗ്രിമെന്റ് നം. - 87/21-11-2018
തൻവർഷത്തെ ചെലവ് -711000 രൂപ (ബിൽ നം. 19/8-7-19- 674000 രൂപ, 23/24-7-19 – 37000 രൂപ
2018-19 വർഷത്തിൽ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച 150457 രൂപ ഉൾപ്പെടെ ആകെ 861457 രൂപ ഗ്രാമകേന്ദ്രങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനു മുമ്പായി വ്യക്തമായ സാധ്യതാ പഠനം നടത്തിയിയതിനും പ്രായോഗികത വിലയിരുത്തിയതിനും രേഖകളില്ല. ഗ്രാമകേന്ദ്രങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗ്രാമകേന്ദ്രങ്ങൾ നിലവിൽ പ്രവർത്തനക്ഷമമല്ലെന്ന് അനൗദ്യോഗികമായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം. 5(4)/17-12-2021)

നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ ലക്ഷ്യമിട്ട പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താത്തപക്ഷം അവയ്ക്കായി ചെലവഴിച്ച തുക പാഴ്ച്ചെലവായി തീരുന്നതാണ്.

വെറ്ററിനറി ഡിസ്പെൻസറി, പി.എച്ച്.സി മുതലായവയോടനുബന്ധിച്ച മറ്റു പൊതു ആവശ്യങ്ങൾക്കായി ഇത്തരത്തിലുള്ള നിർമ്മാണങ്ങൾ നടത്തുമ്പോൾ മതിയായ അനുമതി ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-24 ബഡ്സ് സ്കൂൾ നിർമ്മാണം - രേഖകളുടെ സൂക്ഷിപ്പിൽ കൃത്യതയില്ല

പതിമൂന്നാം വാർഡിലെ കറുകപുത്തൂർ എന്ന സ്ഥലത്തുള്ള ഗ്രാമപഞ്ചായത്ത് വക സ്ഥലത്ത് ബഡ്സ് സ്കൂളിനായി ഒരു കെട്ടിടം നിർമ്മിക്കുവാനാണ് ആദ്യം ലക്ഷ്യമിട്ടിരുന്നത്. പിന്നീട്, പതിനാറാം വാർഡിലെ ശ്രീമതി. സുഹറ, ചാത്തന്നൂർ എന്നവർ സൗജന്യമായി സ്ഥലം നൽകാമെന്ന് അറിയിച്ചതിനെത്തുടർന്ന് 5-11-2018 ലെ തീരുമാനം നം. 8/8(1) പ്രകാരം പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിക്കുകയും ആയതനുസരിച്ച് തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു.
വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം. 280/19-ബഡ്സ് സ്കൂൾ നിർമ്മാണം

കരാറുകാരൻ - ശ്രീ.കൃഷ്ണകുമാർ.കെ.കെ

അടങ്കൽ - 1760000 രൂപ (CFC- 1176358 + വികസന ഫണ്ട് -ജനറൽ - 91754 + തനത് ഫണ്ട് - 491888 രൂപ)

കരാർ തുക – 1621018 രൂപ

ആകെ ചെലവ് - 1616992 രൂപ (26/23-10-19- 91954 രൂപ + 29/6-12-19 – 1176358 + 348680 (തനതു ഫണ്ട്))

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ആദ്യ ഘട്ടത്തിൽ കറുകപുത്തൂർ (Ward 13) എന്ന സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പ്ലാനും, സൈറ്റ് പ്ലാനുമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ആയത് ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. പതിനാറാം വാർഡിലെ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി തീരുമാനമെടുത്തതിനുശേഷം സൈറ്റ്പ്ലാനും, പ്ലാനും പുതുക്കിയതായി കാണുന്നില്ല.

2. കെട്ടിട നിർമ്മാണത്തിനുള്ള പ്രൊവിഷൻ മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വൈദ്യുതീകരണത്തിനുള്ള തുക വകയിരുത്തിയിട്ടില്ല.

3. കരാറുകാരന്റെ, തിയതി രേഖപ്പെടുത്താത്ത ഒരു കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിൽ, സ്ഥലം മാറ്റി പ്രവൃത്തി നിർവ്വഹിക്കേണ്ടി വന്നതിനാൽ കാലതാമസം നേരിട്ടതിനാൽ പിഴ കൂടാതെ കാലാവധി ദീർഘിപ്പിച്ചു നൽകുവാൻ അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷ പരിഗണിച്ച് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള എ.ഇ യുടെ ശുപാർശ, സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 18-5-19 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 11-7-19 ന് പൂർത്തീകരിച്ചിട്ടുണ്ട്. സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല. സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ സർക്കാരിന് 1630 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

4. ശ്രീമതി. സുഹറ ഗ്രാമപഞ്ചായത്തിന് വിട്ടു നൽകിയ 2.43 ആർ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്ന പ്രദേശത്തേക്കുള്ള വഴി വീതി കൂട്ടുന്നതിന് വഴിയുടെ രണ്ടു ഭാഗത്തേയും സ്ഥലമുടമകൾ സമ്മതിച്ചിട്ടുള്ളതായി 5-11-2018 ലെ തീരുമാനം നം. 8/8(1) ലെ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരത്തിൽ സ്ഥലം വിട്ടു നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ഥലം വിട്ടു നൽകിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള (ഓഡിറ്റ് അന്വേഷണം നം. 5(5)/17-12-2021 ന് മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പുവയ്ക്കാതെ കാലാവധി ദീർഘിപ്പു നൽകിയതിനാൽ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ സർക്കാരിനുണ്ടായ 1630 രൂപയുടെ നഷ്ടം നികത്തേണ്ടതാണ്.

മതിയായ രേഖകൾ ലഭ്യമാക്കിയതിനുശേഷം മാത്രം നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നിർമ്മാണത്തിനാവശ്യമായ പ്ലാൻ ഉൾപ്പെടെയുള്ള എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 GST ടി.ഡി,എസ് – തുക കുറവു ചെയ്യുന്നതിൽ കൃത്യത പാലിക്കേണ്ടതാണ്

2017 ലെ കേന്ദ്ര ജി.എസ്.ടി ആക്റ്റ്, 2017 ലെ കേരള ജി.എസ്.ടി ആക്റ്റ് എന്നിവയിലെ സെക്ഷൻ 51 ന്റെ വിശദീകരണ കുറിപ്പിൽ ടി.ഡി.എസ് നടത്തുന്നത് ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നന്നായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. താഴെ പറയുന്ന പ്രവൃത്തിയുടെ ജി.എസ്.ടി ടി.ഡി.എസ് കുറവു ചെയ്തിട്ടുള്ളത് ജി.എസ്.ടി കൂടി ഉൾപ്പെട്ട തുകയിൽ നിന്നാണ്.

91/19-തായമ്പാറ മന റോഡ്

അടങ്കൽ - 3 ലക്ഷം

എഗ്രിമെന്റ് - 27/4-8-2018

കരാറുകാരൻ - ശ്രീ.യാസർ.എ.പി

അളവു പുസ്തകം - 69/18-19

ചെലവ് - 296556 (പ്രവൃത്തി മൂല്യം 292941.37+ GST 3614.63)

ബിൽ നം. 8/26-6-2019

ബില്ലിൽ നിന്നും കുറവു ചെയ്ത CGST, SGST തുകകൾ 2966 രൂപ വീതമാണ്. യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്നത് 2929 രൂപയാണ്. ബില്ലുകൾ തയ്യാറാക്കുമ്പോൾ നിയമാനുസൃതമുള്ള ഈടാക്കലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകത ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 5(6)/17-12-2021)

1-26 തനത് ഫണ്ടിലേക്ക് മാറ്റുന്ന ടാറിംഗ് പ്രവൃത്തികളുടെ കാലി ബാരലുകളുടെ വിലയുടെ ജി.എസ്.ടി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്

ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരുടെ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വിലയായി ഈടാക്കുന്ന ജി.എസ്.ടി ഉൾപ്പെടെയുള്ള തുക തനത് ഫണ്ടിലേക്കാണ് മാറ്റുന്നത്. അത്തരത്തിൽ നിക്ഷേപിച്ചിട്ടുള്ള ജി.എസ്.ടി കേന്ദ്ര, സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 91/19-തായമ്പാറ മന റോഡ്

അടങ്കൽ - 3 ലക്ഷം

എഗ്രിമെന്റ് - 27/4-8-2018

കരാറുകാരൻ - ശ്രീ.യാസർ.എ.പി

അളവു പുസ്തകം - 69/18-19

ചെലവ് - 296556 (പ്രവൃത്തി മൂല്യം 292941.37+ GST 3614.63)

ബിൽ നം. 8/26-6-2019

ബാരലുകളുടെ വിലയായി 7854 രൂപയും ജി.എസ്.ടി ആയി 1413 രൂപയും കുറവു ചെയ്ത് തനതു ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

2. 263/19-പുതലിപ്പുറം ഒഴവത്ര റോഡ് റീടാറിംഗ്

അടങ്കൽ - 250000

എഗ്രിമെന്റ് - 58/11-10-2018

കരാറുകാരൻ - ശ്രീ.രമേഷ് കുമാർ.ടി

അളവു പുസ്തകം - 42/18-19

ചെലവ് - 245131

ബിൽ നം. 17/28-6-2019

ബാരലുകളുടെ വിലയായി 14280 രൂപയും ജി.എസ്.ടി ആയി 2571 രൂപയും കുറവു ചെയ്ത് തനതു ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

ബാരലിന്റെ വിലയും ജി.എസ്.ടിയും വേറിട്ട് സൂചിപ്പിക്കാതെയാണ് തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുള്ളത്. ആയതിൽ നിന്നും ജി.എസ്.ടി തുക കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

മറ്റേതെങ്കിലും പ്രവൃത്തികളുടെ ബാദ്ധ്യകളുടെ ജി.എസ്.ടി തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതും ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 5(7)/17-12-2021)

## 1-27 പ്രസാദം-സമഗ്ര വിദ്യാഭ്യാസ പരിപാടി- പദ്ധതി-സബ്സിഡി മാർഗ്ഗരേഖകൾക്ക് അനുസൃതമല്ല

പ്രോജക്ട് നം. -94/20 -പ്രസാദം- സമഗ്ര വിദ്യാഭ്യാസ പരിപാടി
അടങ്കൽ - രൂ. 60000/-രൂപ (തനത് ഫണ്ട് )
ചെലവ് - രൂ.28110.00- രൂപ (ചെക്ക് നമ്പർ - 5681522 തീ.24.3.20 )
നിർവ്വഹണ ഉദ്യോഗസ്ഥ -ഹെഡ്മിസ്ട്രസ്സ്, ജി എൽ പി എസ്, ചാത്തന്നൂർ

പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സർഗ്ഗസംഗമം, അധ്യാപക സൗഹൃദ സംഗമം എന്നീ ഇനങ്ങൾക്കാണ് ഈ പ്രൊജക്ട് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | ഇനം | തുക |
|---|---|---|
| 1 | അധ്യാപക സൗഹൃദ സംഗമം- ഭക്ഷണം, ലൈറ്റ് & സൗണ്ട്, ബാനർ & നോട്ടീസ് | 18130.00 |
| 2 | വിദ്യാർത്ഥികളുടെ സർഗ്ഗസംഗമം | 9980.00 |
| | ആകെ | 28110.00 |

പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/ത.സ്വ.ഭ.വ, തീയ്യതി 29.1.2018 – ലെ ഖണ്ഡിക 7.6 ൽ "പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുക പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ എസ്.എസ്.എ, ആർ.എം.എസ്.എ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനമല്ല എന്ന് ഉറപ്പുവരുത്തിയശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്" എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം ഈ പ്രൊജക്ട് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത് വിദ്യാഭ്യാസ വകുപ്പും, എസ് എസ് കെ യും നടപ്പാക്കുന്ന പരിപാടികൾക്കാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(കൈ)നം.22/10/ത.സ്വ.ഭ.വ, തീയ്യതി 14.2.18 ഖണ്ഡിക 8.4 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ ഉത്സവങ്ങൾ, സെമിനാറുകൾ എന്നിവ ഏറ്റെടുക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

പദ്ധതി-സബ്സിഡി മാർഗ്ഗരേഖകൾക്കു വിരുദ്ധമായി "അധ്യാപകസൗഹൃദ സംഗമം" പോലെയുള്ള പരിപാടികൾ നടത്തുന്നതിന് പ്രൊജക്ട് ആവിഷ്ക്കരിച്ച് പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നത് പദ്ധതി-സബ്സിഡി മാർഗ്ഗരേഖകളുടെ ലംഘനമാണ്. ഇത്തരം ചെലവുകൾ ഗ്രാമപഞ്ചായത്തിന്റെ അസാധാരണ ചെലവുകളിലുൾപ്പെടുത്തി നിർവ്വഹിക്കാവുന്നതാണോ എന്ന് പരിശോധിച്ച് തുക ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ പദ്ധതി-സബ്സിഡി മാർഗ്ഗരേഖകൾക്കു അനുസൃതമായി പ്രൊജക്ടുകൾ നടപ്പാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.8/20.12.21)

## 1-28 പത്ര-വിദ്യാഭ്യാസ മാസികകളുടെ വരിസംഖ്യ അടവാക്കൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കണം

പ്രൊജക്റ്റ് നമ്പർ 27/20, ഗവ. എൽ പി സ്കൂളുകളിലെ വായനമൂലയ്ക്ക് പുസ്തകങ്ങൾ, പത്രം, വിദ്യാഭ്യാസ മാസികകൾ

അടങ്കൽ 15000.00 (തനത് ഫണ്ട്)

നിർവഹണോദ്യോഗസ്ഥ- ഹെഡ്മിസ്ട്രസ്, ജി എൽ പി എസ്, ചാത്തന്നൂർ

ചെലവ് – രൂ.14836.00( ചെക്ക് നം. 5681522 തീ.24.3.20)

മേൽ പ്രൊജക്റ്റ് പ്രകാരം ഗവ. എൽ.പി സ്കൂളുകളിലേക്ക് ദേശാഭിമാനി(രൂ.3000.00), ബാലരമ (എം.എം പബ്ലിക്കേഷൻസ് ലി. രൂ.1720.00) മാതൃഭൂമി(രൂ.6316.00), മനോരമ(രൂ.3000.00) തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ വരിസംഖ്യയായി 14836.00 നൽകിയിട്ടുണ്ട്. ഈ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) സ.ഉ(കൈ) 11/2018, ത.സ്വ.ഭ.വ, തീയ്യതി 29.1.2018 പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 7.6, സബ്സിഡി മാർഗ്ഗരേഖ-സ.ഉ (കൈ) 22/10 ത.സ്വ.ഭ.വ, തീയ്യതി. 14.2.18 ഖണ്ഡിക 7.3 എന്നിവയിൽ വിദ്യാഭ്യാസ മേഖലയിൽ ഏറ്റെടുക്കാവുന്ന പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിൽ പ്രതിപാദിക്കാത്ത ഇനങ്ങൾക്ക് ഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല.

ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(കൈ)22/10 ത.സ്വ.ഭ.വ, തീയ്യതി. 14.2.18 ഖണ്ഡിക 2-പൊതു നിബന്ധനകൾ, ഉപഖണ്ഡിക 2.2, 2.3 എന്നിവയനുസരിച്ച്, മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പ്രൊജക്റ്റുകൾക്ക് തുക ചെലവഴിക്കുന്നതിനു മുമ്പ് സർക്കാറിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. ഇങ്ങനെ അനുമതി വാങ്ങാത്ത ചെലവുകൾ പൊതുഫണ്ടിന്റെ ദുരുപയോഗമായി കണക്കാക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാർ അനുമതിയില്ലാതെയാണ് പ്രൊജക്റ്റ് നടപ്പാക്കിയിരിക്കുന്നത്.

സി) പത്ര മാസികകൾ ലഭിച്ചതിനുള്ള സ്കൂൾ പ്രധാനാധ്യാപകരിൽ നിന്നുള്ള കൈപ്പറ്റ് രശീതുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.8/20.12.21)

ഓഡിറ്റ് നിർദ്ദേശം

പദ്ധതി-സബ്സിഡി മാർഗ്ഗരേഖകൾക്കു അനുസൃതമായി പ്രൊജക്റ്റുകളുടെ നിർവ്വഹണം നടത്തേണ്ടതും, പ്രൊജക്റ്റുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

1-29 തുല്യതാ പഠന പ്രൊജക്റ്റ്-പഠിതാക്കൾ പരീക്ഷ എഴുതിയതായി തെളിയിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല

പ്രൊജക്റ്റ് നമ്പർ - 25/20 – തുടർ സാക്ഷരത -തുല്യതാ പഠനം-പഠിതാക്കളുടെ ഫീസ് നൽകൽ
അടങ്കൽ -65000/-(തനത് ഫണ്ട്)
ചെലവ്-61900/- ( ചെക്ക് നമ്പർ - 5681522 തീ.24.3.20 )
നിർവഹണം-ഹെഡ്മിസ്ട്രസ്സ്, ജി എൽ പി എസ്, ചാത്തന്നൂർ

മേൽ പ്രൊജക്റ്റ് പ്രകാരം പത്താം തരം തുല്യതാ പരീക്ഷയ്ക്ക് 14 പഠിതാക്കൾക്കായി 1750 രൂപ വീതം 24500.00 രൂപയും പ്ലസ് വൺ തുല്യതാ പരീക്ഷയ്ക്ക് 12 പഠിതാക്കൾക്ക് 2200.00 വീതം 26400.00 രൂപയും പ്ലസ് ടു തുല്യതാ പരീക്ഷയ്ക്ക് 5 പഠിതാക്കൾക്കു വേണ്ടി 2200.00 വീതം 11000.00 രൂപയും ഉൾപ്പെടെ 61900.00 രൂപ കേരളാ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. ഈ പ്രൊജക്റ്റിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) ഫാരിജാൻ.ടി.എച്ച്, ഷെമീറ.പി.പി, സുജാത.എം.കെ, നൗഷാദ്.സി, സതീഷ്.കെ.പി, മണികണ്ഠൻ.ടി.പി, സുഭാഷ്.കെ.എസ്, ഷഫ്ന.എം.വി, മൻസൂർ.സി.പി, മുഹമ്മദ് കെ, റംസീന.എം. ജെ, സുരേഷ്.കെ.ടി എന്നീ പത്താം തരം തുല്യതയ്ക്ക് ആനുകൂല്യം കൈപ്പറ്റിയ പഠിതാക്കൾ പരീക്ഷയ്ക്ക് ഹാജരായതിന്റെ രേഖകൾ (ഹാൾടിക്കറ്റ്, മാർക്ക് ലിസ്റ്റ് മുതലായവ) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ഉലേഷ്.സി (ചേന്നിയാർ കുന്നത്ത്, നെല്ലിക്കാട്ടിരി), മോഹൻദാസ്.കെ.പി (കോട്ടപ്പുഴയിൽ, തിരുമിറ്റക്കോട്), ശിഹാബ്.പി (പൊന്നത്താഴത്ത്, തിരുമിറ്റക്കോട്) എന്നീ പ്ലസ് വൺ തുല്യതയ്ക്ക് ആനുകൂല്യം കൈപ്പറ്റിയ പഠിതാക്കൾ പരീക്ഷയ്ക്ക് ഹാജരായതിന്റെ രേഖകൾ (ഹാൾടിക്കറ്റ് , മാർക്ക് ലിസ്റ്റ് മുതലായവ) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) ഭിന്നശേഷി വിഭാഗത്തിലുള്ള പഠിതാക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഫീസ് ഒടുക്കിയ എല്ലാ പഠിതാക്കളും പരീക്ഷ എഴുതിയതായി തെളിയിക്കുന്ന രേഖകൾ കൂടി ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.8/20.12.21)

## 1-30 അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവൃത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2019-20 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ട് നം. 7/20 & 8/20 എന്നീ അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ പ്രകാരം അമൃതം ഫുഡ്സ്, ചൂരക്കോട്, വല്ലപ്പുഴ ( GSTIN-32AAXFA4B91J1ZW) എന്ന സ്ഥാപനത്തിൽ നിന്നുള്ള താഴെ പറയുന്ന വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|---|
| 1 | 014 | 23.4.19 | 82424.00 |
| 2 | 048 | 25.6.19 | 81375.00 |
| 3 | 026 | 21.5.19 | 69751.00 |
| 4 | 065 | 30.7.19 | 81375.00 |
| 5 | 086 | 6.9.19 | 81375.00 |
| 6 | 087 | 9.10.19 | 69751.00 |

| | | | |
|---|---|---|---|
| 7 | 136 | 21.12.19 | 81376.00 |
| 8 | 121 | 9.1.20 | 69751.00 |
| | | ആകെ | 617178.00 |

വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.12/24.12.21)

1-31 പകൽവീട് -ബൈലോ തയ്യാറാക്കി പ്രവർത്തനം ക്രമീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പകൽ വീടിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന തിനായി 2019-20 വർഷത്തിൽ താഴെ പറന്ന പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.
പ്രോജക്ട് നം. 13/20-പകൽ വീട് അനുബന്ധ പ്രവർത്തനങ്ങൾ
നിർവ്വഹണ ഉദ്യോഗസ്ഥ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ - 200000/-രൂപ (വികസന ഫണ്ട് - ജനറൽ )

ചെലവ് - 198000.00- രൂപ

| ക്രമ നം. | ബിൽ നം. | തീയതി | തുക |
|---|---|---|---|
| 1 | 3 | 31.8.19 | 88065.00 |
| 2 | 10 | 19.11.19 | 47955.00 |
| 3 | 13 | 10.3.20 | 22955.00 |
| 4 | 17 | 10.3.20 | 16750.00 |
| 5 | 20 | 17.3.20 | 22275.00 |

പകൽ വീടിന്റെ നടത്തിപ്പിനായി ഭക്ഷണം, ഓണറേറിയം എന്നീ ഇനങ്ങൾക്കാണ് മേൽതുകകൾ ചെലവഴിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് ബാധ്യതയില്ലാത്ത വിധത്തിൽ പകൽ വീടിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല.
പകൽ വീടിന്റെ സുഗമമായ പ്രവർത്തനത്തിന് ബൈലോ തയ്യാറാക്കി അംഗീകാരം നേടി ആയതനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 13/24.12.2021)

1-32 കാട് വെട്ടി മെഷിൻ -കാർഷിക ഗ്രൂപ്പുകളുമായി കരാർ ചമച്ചില്ല

പ്രൊജക്ട് നം.- 5/20 -കാട് വെട്ടി മെഷീൻ വാങ്ങുന്നതിന് സബ്സിഡി ( ഗ്രൂപ്പുകൾക്ക്)
അടങ്കൽ : 207846.00 (വികസന ഫണ്ട് )+ 23094.00 (ഗുണഭോക്തൃ വിഹിതം)

ചെലവ് : 207846.00 (ബിൽ നം 2/16.1.20 )+ 23004.00(ചെക്ക് നം. 0800513 തീ.6.1.20 )

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ

മേൽ പ്രൊജക്ട് പ്രകാരം 9 കാർഷിക ഗ്രൂപ്പുകൾക്ക് കാട് വെട്ടി യന്ത്രങ്ങൾ നൽകിയിട്ടുണ്ട്.
സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങളുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ ത.സ്വ.ഭ.വ

തീയതി 14-2-2018 ലെ ഖണ്ഡിക 6.1(8) പ്രകാരം കാർഷിക യന്ത്രങ്ങൾക്ക് സബ്സിഡി അനുവദിക്കുമ്പോൾ യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുവെന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനെക്കാൾ 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാമെന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ള കരാർ ചമയ്ക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കാട് വെട്ടി മെഷിൻ അനുവദിച്ച കാർഷിക ഗ്രൂപ്പുകളുമായി ചമച്ച കരാർ പത്രങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം 13/24.12.2021 മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല.

കാർഷിക ഗ്രൂപ്പുകളുമായി മതിയായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കേണ്ടതും അവയുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലുകളിൽ നിന്നും ബാരലുകളുടെ വില കുറവു ചെയ്തില്ല

മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃതം ഈടാക്കേണ്ട തുകകൾ കൃത്യമായി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി ടാറിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ പഞ്ചായത്തിന് നഷ്ടമുണ്ടാകുന്ന വിധത്തിൽ തുക ഈടാക്കുവാൻ വിട്ടുപോയതായി കണ്ടെത്തി.

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. പിന്നീട് തുക ഈടാക്കിയതിനും രേഖകളില്ല.

| ക്രമ നം. | പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | 57/19-വിരുട്ടാണം റോഡ് ടാറിംഗ് അടങ്കൽ -350000 കരാറുകാരൻ - ശ്രീ.യാസർ.എ.പി എഗ്രിമെന്റ് നം. 25/4-8-2018 അളവു പുസ്തകം നം. 62/18-19 | 16/28-6-19 346997 | SS1 Emulsion- | - |
| | | | RS1-302 | 1.51 |
| | | | VG 30 - 1607 | 9.93 |
| | | | MB Page. 7, 10 | |

| | | | | |
|---|---|---|---|---|
| | ആകെ -11 Rounded<br>ബാരലിന്റെ വില - 11x250 = 2750<br>GST-18% - 495 | | | |
| 2 | 263/19-പുതലിപ്പുറം ഒഴവത്ര റോഡ് റീടാറിംഗ്<br>അടങ്കൽ -250000<br>കരാറുകാരൻ - ശ്രീ.രമേഷ്കുമാർ.ടി<br>എഗ്രിമെന്റ് നം. 58/11-10-2018<br>അളവു പുസ്തകം നം. 42/18-19 | 17/28-6-19<br>245131 | SS1 Emulsion-153.459 | 0.84 |
| | | | RS1-49.65 | 0.25 |
| | | | VG 30 – 380.93 | 1.9 |
| | | | MB Page.28 | |
| | ആകെ - 3 Rounded<br>ബാരലിന്റെ വില - 3x250 = 750<br>GST-18% - 135 | | | |
| 3 | 263/19-ചെരിപ്പൂർ കുറ്റുള്ളി റോഡ് റീടാറിംഗ്<br>അടങ്കൽ -150000<br>കരാറുകാരൻ - ശ്രീ.യാസർ.എ.പി<br>എഗ്രിമെന്റ് നം. 2/25-7-2018<br>അളവു പുസ്തകം നം. 63/18-19 | 22/21-7-19<br>146958 | - | - |
| | | | RS1-130 | 0.65 |
| | | | VG 30 – 1172 | 7.24 |
| | | | MB Page.18 | |
| | ആകെ - 8 Rounded<br>ബാരലിന്റെ വില - 8x250 = 2000<br>GST-18% - 360 | | | |

ആകെ - 5500 രൂപ

ജി.എസ്.ടി - 990 രൂപ

പ്രവൃത്തികൾക്കായി ഉപയോഗിച്ച ടാർ ബാരലുകളുടെ വില കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ബില്ലുകൾ തയ്യാറാക്കുന്നതിൽ എഞ്ചിനിയറിംഗ് വിഭാഗം കുറേക്കൂടി ജാഗ്രത പുലർത്തിയാൽ ഇത്തരം അപാകതകൾ ഒഴിവാക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. 5(1)/17-12-2021 ന് മറുപടി ലഭ്യമായില്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 13.12.2021 മുതൽ 28.12-2021 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 636137 | ലൈഫ്-SCP | 636137 | 0 |
| | 2018-19 | 66335 | കട്ടിൽ വിതരണം-SCP | 34100 | 32235 |
| | 2019-20 | 2309185 | ലൈഫ്-ജനറൽ | 2309185 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 314758 | ലൈഫ്-SCP | 314758 | 0 |
| | 2019-20 | 1080198 | ലൈഫ്-ജനറൽ | 330815 | 749383 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകിയ തുക 172218 രൂപയുടേയും ജില്ലാ പഞ്ചായത്ത് വിഹിതമായി നേരിട്ടു നൽകിയ തുക 951712 രൂപയുടേയും വിശദാംശം മേൽ പട്ടികയിൽ ഉൾപ്പെടുന്നില്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ വായ്പാതുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 17092030 | 7920000 (-160000) = 7760000 | 24852030 | 1838235 | | 23013795 |

വി.ഇ.ഒ ലോൺ അക്കൗണ്ടിലേക്ക് 160000 രൂപ തിരിച്ചടച്ചിട്ടുണ്ട്. ആയത് കുറവു ചെയ്താണ് തൻവർഷം ലഭിച്ച തുക കണക്കാക്കിയിട്ടുള്ളത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമങ്ങളിലെ വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 (വിഷയാധിഷ്ഠിത അവലോകനം) | 3-17 | 2015-16 | 5-2-1-ബി | ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവത്ക്കരണം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 38266718 |
| ഓഡിറ്റ് വർഷത്തെ വരവ് | 77044742 |
| ആകെ | 115311460 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 72092817 |
| നീക്കിയിരിപ്പ് | 43218643 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5500(ഭാഗം-3)<br>5087 (ഭാഗം-1) |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(1, 2, 3) | - | 5500 | ശ്രീമതി.ജമീല.പി.എം,അസി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 5087 | ശ്രീ.രാജീവ്ഗോപാൽ.ജി,അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-1(1, 2, 3) – 990 (ജി.എസ്.ടി) – ശ്രീമതി.ജമീല.പി.എം, അസി.എഞ്ചിനീയർ

1-24 – 1630 – സ്റ്റാമ്പ് ഡ്യൂട്ടി – ശ്രീമതി.ജമീല.പി.എം, അസി.എഞ്ചിനീയർ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ.1-15: MNREGS പ്രവൃത്തികൾക്കാവശ്യമായ സാധനസാമഗ്രികളുടെ വിതരണക്കാർ കൈപ്പറ്റിയ തുകയുടെ ജി.എസ്.ടി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജമീല.പി.എം, അസി.എഞ്ചിനിയർ | അസി.എഞ്ചിനീയർ, കുഴൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ | പടിയത്ത് ഹൗസ്, കൊരട്ടി, നാലുകെട്ട് (പി.ഒ), തൃശ്ശൂർ-680308 |
| ശ്രീ.രാജീവ്ഗോപാൽ.ജി, അസി.എഞ്ചിനിയർ | അസി.എഞ്ചിനീയർ, വരാപ്പുഴഗ്രാമപഞ്ചായത്ത്, എറണാകുളം | ശ്രേയസ് ഹൗസ്, പാവകുളങ്ങര റോഡ്, തെക്കുംഭാഗം,തൃപ്പൂണിത്തുറ, എറണാകുളം-682301 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.പി 20/541 തീ.12.04.12 | 3 |
| 1997-98 | നം.എൽ.എഫ്.പി 20/42/2000 തീ.11.3.04 | 10 |
| 1998-99 | നം.എൽ.എഫ്.പി 11/818/04 തീ.28.12.07 | 15 |
| 1999-00 | നം.എൽ.എഫ്.പി 20/785/10 തീ.15.06.11 | 12 |
| 2000-01 | നം.എൽ.എഫ്.പി 20/786 തീ.16-06-11 | 3 |
| 2001-02 | നം.എൽ.എഫ്.പി 20/788 തീ.25-06.11 | 6 |
| 2002-03 | നം.എൽ.എഫ്.പി 20/667 തീ.26.11.11 | 3 |
| 2003-04 | നം.എൽ.എഫ്.പി 20/667(a)/11 തീ.26.11.11 | 5 |
| 2004-05 | നം.എൽ.എഫ്.പി 20/668/11 തീ.26.11.11 | 3 |
| 2005-06 | നം.എൽ.എഫ്.പി 20/670 തീ.26.11.11 | 1 |
| 2006-07 | നം.എൽ.എഫ്.പി 20/874/12 തീ.21.05.12 | 4 |
| 2007-08 | നം.എൽ.എഫ്.പി 20/848(2) തീ.12.7.12 | 8 |
| 2008-09 | നം.എൽ.എഫ്.പി 20/849 തീ.21.5.12 | 7 |

| | | |
|---|---|---|
| 2009-10 | നം.എൽ.എഫ്.പി 20/850 തീ.21.5.12 | 10 |
| 2010-11 | നം.എൽ.എഫ്.പി 20/2178 തീ.30.8.14 | 15 |
| 2011-12 | നം.എൽ.എഫ്.പി P20/1801 തീ.12.12.14 | 14 |
| 2012-13 | നം.എൽ.എഫ്.പി 20/511/15 തീ.10.08.2015 | 21 |
| 2013-14, 2014-15 | നം.കെ.എസ്.എ-പികെഡി 20/363/ 2016 തീ. 28.06.2016 | 22 |
| 2015-16 | നം.കെ.എസ്.എ.-പി.കെ.ഡി 20/2039/ 2016 Dt.21-12-2016 | 6 |
| 2016-17 | നം.കെ.എസ്.എ-പികെഡി 20/1643/2018 തീ. 08.10.2018 | 11 |
| 2017-18 | നം.കെ.എസ്.എ-പികെഡി 20/868/2019 തീ. 26.08.2019 | 13 |
| 2018-19 | നം.കെ.എസ്.എ-പികെഡി20/113/ 2021 തീ. 3.02.2021 | 17 |

ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനു: -3

വാർഷികധനകാര്യപത്രിക സംക്ഷിപ്തം

Income & Expenditure Statement

For the period from 01-April-2019 to 31-March-2020

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 5,874,977.00 |
| 130000000 | Rental Income from Panchayat Properties | I-3 | 600.00 |
| 140000000 | Fees & User Charges | I-4(b) | 825,188.00 |
| 150000000 | Sale & Hire Charges | I-5(b) | 347,561.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 112,251,594.00 |
| 171000000 | Interest Earned | I-8 | 546,975.00 |
| 180000000 | Other Income | I-9 | 2,820.00 |
| A | Total-Income | | 119,849,715.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 9,405,006.00 |
| 220000000 | Administrative Expenses | I-11(b) | 1,120,303.00 |
| 230000000 | Operations & Maintenance | I-12(b) | 1,968,929.00 |
| 240000000 | Interest & Finance Charges | I-13 | 7,658.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 2,007,781.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 55,784,661.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 1,567,895.00 |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | 2,105,123.00 |
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 28,815,100.00 |
| | (not included under Decentralised Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 5,545,631.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 8,000.00 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 6,118,949.00 |
| B | Total-Expenditure | | 114,455,036.00 |
| C = A-B | Gross Surplus/Deficit of Income over Expenditure | | 5,394,679.00 |
| D= 280000000 | Prior Period Item | I-18 | 1,048,344.00 |
| E = C-D 290000000 | Gross Surplus/Deficit of Income over Expenditure after prior period items | | 4,346,335.00 |
| Transfer to Reserve Funds | | | |
| | Net Balance being surplus/deficit carried over to Balance sheet (Panchayat Fund) | | 4,346,335.00 |

Receipts and Payments

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 38,254,625.00 |
| | Cash | RP-40(a) | 12,093.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 959,920.00 |
| 140000000 | Fees & User Charges | RP-4 | 428,687.00 |
| 150000000 | Sale & Hire Charges | RP-5 | 347,561.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 43,280,440.00 |
| 171000000 | Interest Earned | RP-9 | 546,975.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9,641,334.00 |
| 340000000 | Deposits Received | RP-34 | 174,809.00 |
| 350000000 | Other Liabilities | RP-36 | 435,350.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 2,820.00 |
| 311000000 | Earmarked Funds | RP-29 | 12,810.00 |
| 330000000 | Secured Loans | RP-32 | 15,520,000.00 |
| 340000000 | Deposits Received | RP-34 | 151,334.00 |
| 350000000 | Other Liabilities | RP-36 | 300,517.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4,810,433.00 |
| 460000000 | Loans, Advances and Deposits | RP-47 | 431,752.00 |
| Grand Total 115,311,460.00 | | | |
| Payments | | | |

| | | | |
|---|---|---|---|
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3,624,744.00 |
| 220000000 | Administrative Expenses | RP-12 | 1,120,303.00 |
| 230000000 | Operations & Maintenance | RP-13 | 1,668,819.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 2,007,781.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 37,859,687.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 1,567,895.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 2,105,123.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not i | RP-19 | 397,000.00 |
| 255000000 | Maintenance Projects | RP-20 | 5,545,631.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 8,000.00 |
| 280000000 | Prior Period Item | RP-26 | -323,723.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1,586,160.00 |
| 340000000 | Deposits Received | RP-34 | 1,000.00 |
| 350000000 | Other Liabilities | RP-36 | 4,520,636.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 7,658.00 |
| 280000000 | Prior Period Item | RP-26 | -5,020.00 |
| 311000000 | Earmarked Funds | RP-29 | 2,530.00 |
| 330000000 | Secured Loans | RP-32 | 260,000.00 |
| 340000000 | Deposits Received | RP-34 | 387,867.00 |
| 350000000 | Other Liabilities | RP-36 | 1,815,097.00 |
| 410000000 | Fixed Assets | RP-38 | 4,921,327.00 |
| 412000000 | Capital Work In Progress | RP-40 | 1,344,209.00 |
| 460000000 | Loans, Advances and Deposits | RP-47 | 1,670,093.00 |
| Closing Balance | | | |
| | Bank | RP-40(b) | 43,218,643.00 |
| | Cash | RP-40(b) | 0.00 |
| Grand Total 115,311,460.00 | | | |

BALANCE SHEET

| Code No. | Description of Items | Schedule | Amount |
|---|---|---|---|

| | | No | |
|---|---|---|---|
| | LIABILITIES | | |
| | Reserve& Surplus | | |
| 310000000 | Muncipal (General) Fund [Code No 310] | B-1 | 31410961.30 |
| 311000000 | Earmarked Funds | B-2 | 62517.00 |
| 312000000 | Reserves | B-3 | 61667070.00 |
| | Total Reserve& Surplus | | 93140548.30 |
| 320000000 | Grants,Contributions for specific purposes<br><br>Grants, Funds & Contributions for Specific Purposes | B-4 | 4871877.00 |
| | Total Grants,Contributions for specific purposes | | 4871877.00 |
| 330000000 | Loans<br><br>Secured Loans | B-5 | 23013795.00 |
| | Total Loans | | 23013795.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 711448.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 1271508.70 |
| | Total Current Liabilities and Provisions | | 1982956.70 |
| | TOTAL LIABILITIES | | 123009177.00 |
| | ASSETS | | |
| | Current Liabilities and Provisions | | |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.00 |
| | Total Current Liabilities and Provisions | | 0.00 |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 69669697.00 |
| 411000000 | Accumulated Depreciation | B-11 | (14198351.00) |
| 412000000 | Capital Work In Progress | B-11(a) | 471653.00 |
| | Total Fixed Assets | | 55942999.00 |
| 420000000 | Investments<br><br>Investments | B-12 | 0.00 |
| | Total Investments | | 0.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 75571.00 |
| 440000000 | Pre-paid Expenses | B-16 | 23013795.00 |
| 450000000 | Cash and Bank balance | B-17 | 43218643.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 758169.00 |
| | Total Current Assets,Loans and Advances | | 67066178.00 |
| | TOTAL ASSETS | | 123009177.00 |